**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 218** | **13-10-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . എൻ . ഷംസുദ്ദീൻ,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ എ കെ എം അഷ്‌റഫ്** | | **Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) | തിരുവനന്തപുരം ആറ്റിങ്ങലിൽ പട്ടികജാതിയിൽപ്പെട്ട പെൺകുട്ടിയേയും അച്ഛനേയും ഇല്ലാത്ത മോഷണ കേസ് ആരോപിച്ച് പിങ്ക് പോലീസ് പീഡിപ്പിച്ച സംഭവത്തിൽ പട്ടികജാതി വികസന വകുപ്പ് എന്ത് നടപടി സ്വീകരിച്ചു; | (ബി) | അന്വേഷണത്തിൽ കേസ് അതിക്രമം തടയൽ നിയമത്തിന്റെ പരിധിയിൽ വരികയാണെങ്കിൽ വകുപ്പ് അടിയന്തര തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. ഇതുപോലെയുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാൻ സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | പട്ടികജാതിക്കാർക്കെതിരെ വർദ്ധിച്ച് വരുന്ന അതിക്രമങ്ങൾ സംബന്ധിച്ച കേസുകൾക്കായി പ്രത്യേക കോടതികൾ സ്ഥാപിക്കുന്ന കാര്യം വകുപ്പ് പരിശോധന വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനെതിരെയുള്ള അതിക്രമം തടയുന്നതിനായി 1989-ലെ പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമം തടയൽ) നിയമം പ്രകാരം നിലവിൽ 4 പ്രത്യേക കോടതികൾ വയനാട് ജില്ലയിൽ മാനന്തവാടി, മലപ്പുറം ജില്ലയിൽ മഞ്ചേരി, പാലക്കാട് ജില്ലയിൽ മണ്ണാർക്കാട്, കൊല്ലം ജില്ലയിൽ കൊട്ടാരക്കര എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരം, തൃശ്ശൂർ, എറണാകുളം എന്നീ ജില്ലകളിൽ സ്പെഷ്യൽ കോടതികൾ ആരംഭിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ